**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 192** **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ലിന്റോ ജോസഫ് | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മൂലധന ശക്തികളുടെ താല്പര്യാനുസരണം വിവിധ കേന്ദ്രങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കാൻ നടത്തുന്നതായ ശ്രമങ്ങൾ അതിജീവിച്ചുകൊണ്ട് ജനവിശ്വാസം നേടിയെടുത്ത് പുരോഗതിയിലേക്ക് നയിക്കാൻ നടത്തുന്ന ഇടപെടലുകളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ച് വരുന്നു. സംസ്ഥാന സഹകരണ മേഖലയിൽ നിലവിലുണ്ടായിരുന്ന ത്രിതല സംവിധാനത്തിന് പകരം സഹകരണ മേഖലയുടെ അപ്പക്സ് സ്ഥാപനമായ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ദ്വിതല സംവിധാനത്തിലേക്ക് സംസ്ഥാന സഹകരണ മേഖലയെ മാറ്റുക എന്ന ലക്ഷ്യത്തോടെ കേരളാ ബാങ്ക് രൂപീകരിച്ചു. സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനായി വിവിധ തലത്തിലുള്ള പദ്ധതികൾ കേരള ബാങ്ക് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ പ്രാഥമികാ കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ഇടപാടുകാരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കുടുംബശ്രീ, സ്വയം സഹായസംഘങ്ങൾ, ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ എന്നിവ വഴി സ്ത്രീ ശാക്തീകരണത്തിനും ഉൽപാദന മേഖലയിലെ സ്വയം പര്യാപ്തതയ്ക്കുമുള്ള ശ്രമങ്ങളും കേരള ബാങ്ക് നടപ്പിലാക്കി വരുന്നു. വ്യാവസായിക-ഉൽപാദന മേഖലയിലെ വളർച്ചയ്ക്കായി സുവിധ പ്ലസ് എന്ന പേരിൽ ഈട് രഹിത വായ്പാ കേരള ബാങ്ക് അനുവദിച്ച് വരുന്നു. കേരള ബാങ്കിൽ കോർബാങ്കിംഗ് സംവിധാനം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പ്രാവർത്തികമാകുന്നതോടുകൂടി എല്ലാ വിധത്തിലുമുള്ള ആധുനിക ബാങ്കിംഗ് സേവനങ്ങൾ അംഗ സംഘങ്ങൾക്കും ഇടപാടുകാർക്കും നൽകുവാൻ |

സാധിക്കുന്നു. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതരത്തിലുള്ള ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Intergrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ എന്നി സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ വകുപ്പ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി സി-ഡിറ്റ് മുഖേന നടപ്പിലാക്കിയിട്ടുള്ള ICDMS (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ആഡിറ്റ് മോണിട്ടറിംഗ് സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. യുവജനങ്ങൾക്കായി യുവ സഹകരണ സംഘങ്ങൾ ആരംഭിച്ചു. കലാകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് കലാകാരൻമാർക്കായി ഒരു സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു വരുന്നു. ഒരു ജില്ലയിൽ ഒരു പട്ടിക ജാതി/പട്ടിക വർഗ്ഗ യുവ ജന സംഘം രജിസ്റ്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്രമായി സമുദ്ധാരണത്തിനായി പുനർജ്ജനി പദ്ധതി ആവിഷ്കരിച്ചു വരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ‘നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി. സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, ബ്ലേഡ് പലിശക്കാർ ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് “മുറ്റത്തെ മുല്ല” ഗ്രാമീണ ലഘു വായ്പാ പദ്ധതി. സംസ്ഥാനത്തെ 14 ജില്ലകളിലേയ്ക്കും ടി

പദ്ധതി വ്യാപിപ്പിക്കുകയും വിജയകരമായി നടപ്പിലാക്കി വരികയുമാണ്. തീരദേശ മേഖലയിലെ താഴെതട്ടിലുള്ള മത്സ്യവിപണനം നടത്തുന്നവർ, മത്സ്യ അനുബന്ധമേഖലയിലെ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്കായി സ്നേഹതീരം എന്ന ലഘു വായ്പാ പദ്ധതി ആരംഭിക്കുകയാണ്. ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 9% പലിശ നിരക്കിൽ വായ്പാ പദ്ധതി ആരംഭിക്കുന്നത് പരിഗണനയിലാണ്. സഹകരണ പരീക്ഷാ ബോർഡിന്റെ പരീക്ഷാ നടത്തിപ്പ് പൂർണ്ണമായും ഓൺലൈനായി നടത്തുന്ന പദ്ധതി പൂർത്തീകരിക്കും. പരീക്ഷകൾ കുറ്റമറ്റതാക്കാൻ സഹകരണ പരീക്ഷാ ബോർഡ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കും ആയത് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും വേഗത്തിൽ നിയമനം നൽകുവാൻ സാധിക്കും. സഹകരണ സംഘങ്ങൾ മുഖേന ആരംഭിച്ച coopmart Veg Fresh പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾ. കേരളത്തിലെ സഹകരണ മേഖലയിലെ എല്ലാ ഉൽപ്പന്നങ്ങളെയും ഏകീകൃത ബ്രാന്റിംഗിനു കീഴിൽകൊണ്ടു വരുന്നതിനായി നടപ്പിലാക്കിയ coopmart കൾ. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS). സംസ്ഥാനത്ത് പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കെറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിച്ചു. കേരളത്തിന്റെ പുനർനിർമ്മാണത്തിന് കെയർ കേരള പദ്ധതി. പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി. “മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM’s Helping Hand Loan Scheme- CMHLS)”. അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ/ കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവയുടെ വിതരണം. കൃതി അന്താരാഷ്ട്ര പുസ്തക മേള. അക്ഷര-ഭാഷാ-സാഹിത്യ-സാംസ്കാരിക മ്യൂസിയം. വിലക്കയറ്റം തടയുന്നതിനായി 13 ഇന നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിലെ വിലയേക്കാൾ കുറച്ച് ജനങ്ങൾക്ക് ലഭ്യമാക്കുന്ന ഉത്സവകാല

| | | | |
|---|---|---|---|
| | | | ചന്തകൾ. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ "ഹരിതം സഹകരണം". ഭക്ഷ്യ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള സുഭിക്ഷ കേരളം പദ്ധതി. സഹകരണ നയം. റിസ്ക് ഫണ്ട് പദ്ധതി. അംഗ സമാശ്വാസ നിധി. |
| (ബി) | സഹകരണ നിക്ഷേപം നാടിന്റെ വികസനത്തിനായി എന്ന മുദ്രാവാക്യത്തോടെ പ്രത്യേക നിക്ഷേപ സമാഹരണ യജ്ഞവും അംഗത്വ വിതരണ പ്രചരണവും നടത്തുന്നുണ്ടോ; നിക്ഷേപ ഗ്യാരന്റി തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. 2022, ഫെബ്രുവരി 21 തീയതി മുതൽ 2022, മാർച്ച് 31 വരെയുള്ള കാലയളവിലാണ് നിക്ഷേപ സമാഹരണ യജ്ഞം നടത്തുന്നത്. ഈ പ്രവർത്തന പരിപാടിയിൽ 6000 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. യുവജനങ്ങളേയും സഹകരണ സംഘങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു. കോളേജ്, സ്കൂൾ വിദ്യാർത്ഥികൾക്കായി പ്രത്യേക നിക്ഷേപ പദ്ധതികളും സംഘടിപ്പിക്കുന്നുണ്ട്. ഒരു സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ഒരു കുടുംബത്തിലെ ഒരാളെയെങ്കിലും അംഗമാക്കുന്നതിനും നിക്ഷേപം, വായ്പാ തുടങ്ങി ഏതെങ്കിലും തരത്തിലുള്ള ഇടപാട് സംഘവുമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ നിക്ഷേപ ഗ്യാരന്റി തുക 2 ലക്ഷത്തിൽ നിന്നും 5 ലക്ഷമായി ഉയർത്തുന്നത് പരിഗണനയിലാണ്. |
| (സി) | സംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി ആധുനികീകരണവും ഉപഭോക്താക്കളുടെ സൗകര്യവും കൂടി പരിഗണിച്ച് ഇടപാട് സമയം വ്യത്യസ്ത തരത്തിൽ ക്രമീകരിച്ചും സേവന വൈവിധ്യത്തിലൂടെയും കൂടുതൽ ഇടപാടുകാരെ ആകർഷിക്കാൻ പരിപാടിയുണ്ടോ; കടലാസ് സംഘങ്ങളെ നിർമ്മാർജനം ചെയ്യേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തിട്ടുണ്ടോ? | (സി) | കേരള ബാങ്കിന് നിലവിൽ പ്രഭാത സായാഹ്ന ശാഖകൾ, ഞായറാഴ്ച പ്രവത്തിക്കുന്ന ശാഖകൾ തുടങ്ങി വിവിധ സമയക്രമത്തിലുള്ള പ്രവർത്തനത്തിലൂടെ ഉപഭോക്താക്കൾക്ക് സഹായകമായി പ്രവർത്തിക്കുന്നു. ബാങ്കിന്റെ എച്ച്.ഒ കേന്ദ്രീകരിച്ച് ബിസിനസ്സ് വൈവിധ്യവൽകരണ ഉൽപ്പന്ന നവീകരണ സെന്റർ (Business Diversification and Product Innovation Centre) പ്രവർത്തനം ആരംഭിക്കുകയും ആധുനികവും ആകർഷകവുമായ പുതിയ സേവനങ്ങൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിന് ശ്രമിച്ചുവരികയും ചെയ്യുന്നു. രജിസ്റ്റർ ചെയ്ത ശേഷം പ്രവർത്തിക്കാത്ത സഹകരണ സംഘങ്ങളിൽ പ്രവർത്തിക്കാൻ സാധിക്കുന്നത് പുനരുജ്ജീവിപ്പിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതും ആയതിന് സാധിക്കാത്തത് സമാപ്തീകരണ നടപടികൾ കൈക്കൊള്ളാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ